# ‘ചക്കാത്തി’ന്റെ കഥ

എം. എൻ. കാരശ്ശേരി



‘ചക്കാത്തി’ന്റെ കഥ

എം. എൻ. കാരശ്ശേരി

(മലയാളം: ലേഖനം)

© 2024, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Reading, a painting by José Ferraz de Almeida Júnior (1850–1899). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ‘ചക്കാത്തി’ന്റെ കഥ

മലയാളത്തിൽ ‘ചക്കാത്ത്’ എന്നൊരു വാക്കുണ്ട്. ‘വെറുതെ കിട്ടിയത്’ എന്നർഥം. തിരുവിതാംകൂറിലും മലബാറിലുമെല്ലാം വിനിമയസാധ്യതയുള്ള വാക്കാണ്. മിക്ക സമുദായക്കാർക്കും അർഥം മനസ്സിലാകും. അധികം സന്ദർഭങ്ങളിലും പരിഹാസധ്വനിയോടെയാണ് ഉപയോഗിക്കുന്നത്; അല്ലെങ്കിൽ വിമർശനത്തിന്. കൊടുക്കാൻ പാടില്ലാത്തതു കൊടുത്തു, അല്ലെങ്കിൽ വാങ്ങാൻ പാടില്ലാത്തതു വാങ്ങി എന്ന താൽപ്പര്യത്തിലാണ് നമ്മുടെ പ്രയോഗം. ‘സർക്കാരിന്റെ മരം ചക്കാത്തായി മുറിച്ചുകൊണ്ടുപോവുകയാണ്’ എന്നോ, ‘അയാൾക്ക് വി. സി. പദം ചക്കാത്തായി കിട്ടിയതാണ്’ എന്നോ, ‘മൂപ്പർക്ക് എന്തും ചക്കാത്തായി കിട്ടണം’ എന്നൊക്കെയുള്ള ശൈലികൾ ഓർത്തുനോക്കുക—ചക്കാത്തിന് ‘വിലകെട്ടത്’ എന്നുവരെ അർത്ഥമാവാം.

‘ശബ്ദതാരാവലി’യടക്കമുള്ള നിഘണ്ടുക്കൾ ഈ വാക്ക് രേഖപ്പെടുത്തിയിട്ടുണ്ട്—ഉർദുവിൽ നിന്ന് കടംകൊണ്ട വാക്ക് എന്ന നിലയിൽ. പക്ഷേ, ഉർദുവിലും അതുപോലെ തന്നെ പാർസിയിലും ഈ പദം അറബിയിൽ നിന്നാണ് കടന്നുചെന്നത്. അതിന്റെ ശരിയായ രൂപം ‘സക്കാത്ത്’ എന്നാണ്. ഇപ്പോഴം ലിപി നേരെയല്ല. വാക്കിന്റെ തുടക്കത്തിൽ കാണുന്നത് സത്യത്തിൽ ‘സ’യല്ല. അതിന്റെ ഉച്ചാരണം ഇംഗ്ലീഷിലെ Z-ന് തുല്യമാണ്.

അറബിയിൽ ഈ ‘സക്കാത്ത്’ എന്ന പദത്തിന് എന്താണർഥം?

അതിന് അറബി നിഘണ്ടുക്കളിൽ കാണുന്ന അർഥം വളരുക, നന്നാവുക, അഭിവൃദ്ധിപ്പെടുക, സൻമാർഗിയാവുക, ഫലവൃഷ്ടിയുള്ളതാവുക, അനുയോജ്യമാവുക എന്നെല്ലാമാണ്. വളരുന്നത്, വളർത്തുന്നത് എന്നീ താൽപ്പര്യങ്ങളിലാണ് സാധാരണ ഉപയോഗം.

പക്ഷേ, കേരളത്തിലും അന്യനാടുകളിലുമെല്ലാം മുസ്ലീങ്ങൾ ‘സക്കാത്ത്’ ഉപയോഗിക്കുന്നത് ഒരു സാങ്കേതികപദം എന്ന നിലക്കാണ്. ആ സാങ്കേതികപദത്തിന് ‘നിർബന്ധദാനം’ എന്നർഥം. ഈ നിർബന്ധദാനമാവട്ടെ, ഇസ്ലാം മതത്തിന്റെ നിർബന്ധാനുഷ്ഠാനങ്ങളിലൊന്നാണ്.

ദാനവും നിർബന്ധദാനവും തമ്മിൽ എന്താണ് വ്യത്യാസം?

ഇസ്ലാംമതത്തിന്റെ കർമ്മാനുഷ്ഠാനങ്ങൾ അനുസരിച്ച് രണ്ടുതരം ദാനങ്ങളുണ്ട്.

1. സദഖ: ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളത് ആർക്കുവേണമെങ്കിലും ദാനം ചെയ്യാം—ഇതാണ് സദഖ. ഇത് പുണ്യകർമ്മമാണെങ്കിലും നിർബന്ധകർമ്മമല്ല. സദഖ ചെയ്യാതിരുന്നാൽ പാപമില്ല.
2. സക്കാത്ത്: വാർഷികവരുമാനത്തിൽ സ്വന്തം ആവശ്യം കഴിച്ച് നീക്കിയിരുപ്പുള്ളതിൽ നിന്ന് നിശ്ചിത ശതമാനം നിശ്ചിത വിഭാഗത്തിൽപ്പെട്ടവർക്ക് ദാനം ചെയ്യണം. ഇതിന് ‘സക്കാത്ത്’ എന്ന് പേര്. ഇത് വിശ്വാസത്തിന്റെ നിബന്ധനകളിൽപ്പെടുന്ന നിർബന്ധകർമ്മമാണ്. അനുഷ്ഠിച്ചാൽ പുണ്യമുണ്ട്; ഒഴിവാക്കിയാൽ പാപവും. ഇത് എല്ലാ കൊല്ലവും കൊടുത്തേ തീരൂ.

മുസ്ലീങ്ങളുടെ വേദഗ്രന്ഥമായ ഖുർആനിൽ നിർബന്ധാനുഷ്ഠാനമായ നിസ്കാരത്തിന്റെ കൂടെ 20 തവണ സക്കാത്ത് പരാമർശിക്കപ്പെടുന്നുണ്ട്.

വാർഷികവരുമാനത്തിന്റെ നിശ്ചിതപരിധിയെ അറബിയിൽ ‘നിസാബ്’ എന്നു പറയുന്നു. നിസാബിന് പുറത്തുള്ളതിനൊക്കെ നിശ്ചിത ശതമാനം സക്കാത്തുണ്ട്. ആണായാലും പെണ്ണായാലും അതു കൊടുക്കണം. ഒരു തരത്തിൽ വാർഷിക നികുതിയാണിത്. അതു ലഭിക്കേണ്ടത് പാവപ്പെട്ടവർക്കാണ്. സക്കാത്ത് എന്നത് പണക്കാർ പാവപ്പെട്ടവർക്ക് നൽകുന്ന സൗജന്യമല്ല; പണക്കാരുടെ സമ്പത്തിൽ പാവപ്പെട്ടവർക്കുള്ള അവകാശമാണത്. സക്കാത്ത് നൽകാൻ വിസമ്മതിച്ചവരോട് ഒന്നാം ഖലീഫ അബൂബക്കർ യുദ്ധം ചെയ്യുകയുണ്ടായി.

വളർത്തുമൃഗങ്ങൾ (ഒട്ടകം, പശു, ചെമ്മരിയാട് മുതലായവ), ധനം (സ്വരൂപിച്ചുവെച്ച സ്വർണ്ണം, വെള്ളി മുതലായവയും കച്ചവടത്തിനുപയോഗിക്കുന്ന പണവും), സമ്പത്ത് (മണ്ണിൽ നിന്നോ, ജലത്തിൽ നിന്നോ ലഭിക്കുന്നവ: പഴം, ധാന്യം, മൽസ്യം ആദിയായവ) എന്നിവക്കെല്ലാം സക്കാത്ത് ബാധകമാണ്.

ഏഴരത്തോലയാണ് സ്വർണത്തിന്റെ പരിധി (നിസാബ്) അതിന് മുകളിലുള്ളതിന് സക്കാത്തുണ്ട്. അമ്പത്തിരണ്ടരത്തോലയാണ് വെള്ളിയുടെ പരിധി അതിനപ്പുറമുള്ളതിന് സക്കാത്തുവേണം. 5 ഒട്ടകം, 40 ആട്, 30 പശു—ഇവക്ക് മുകളിലും സക്കാത്ത് കൊടുക്കണം. അങ്ങനെയങ്ങനെ.

സാമാന്യമായി പണത്തിന്റെ കണക്ക് രണ്ടരശതമാനം എന്നാണ്. അതായത് ഒരു വർഷം കുടുംബം പുലരാൻ ആവശ്യമായതിൽക്കവിഞ്ഞ് 100 രൂപ കൈയിരിപ്പ് ഉണ്ടെങ്കിൽ രണ്ടര രൂപ സക്കാത്തു കൊടുക്കണം. അത് ആയിരം ആണെങ്കിൽ 25 രൂപ. പതിനായിരമാണെങ്കിൽ 250 രൂപ. ലക്ഷമാണെങ്കിൽ 2500 രൂപ—ആ മട്ടിലാണ് കണക്ക്. സമ്പത്തിന്റെ സ്വഭാവം (വളർത്തുമൃഗങ്ങൾ, ധാന്യം മുതലായവ) അനുസരിച്ച് ഈ കണക്കിലും വ്യത്യാസം വരും.

ദരിദ്രൻ, അഗതി, അടിമ, യാത്രക്കാരൻ, കടബാധ്യതയുള്ളവൻ തുടങ്ങിയവരാണ് സക്കാത്തു കിട്ടാൻ അർഹതയുള്ളവർ.

മുസ്ലീംനാടുകളിൽ ആദ്യകാലത്തെ ഭരണകർത്താക്കൾ പൗരൻമാരിൽ നിന്ന് സക്കാത്ത് സംഭരിക്കുകയും ആ പൊതുഫണ്ട് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുകയും ആയിരുന്നു പതിവ്. ഇക്കാലത്ത് സർക്കാരിന് നികുതികൊടുക്കുമ്പോഴും വിശ്വാസികൾ പാവപ്പെട്ടവർക്ക് നേരിട്ട് സക്കാത്തു കൊടുക്കുന്ന രീതി ഇന്ത്യ മുതലായ രാജ്യങ്ങളിലുണ്ട്. പാവങ്ങളെ പിച്ചക്കാരാക്കരുതെന്നും വ്യക്തികൾ നേരിട്ട് വ്യക്തികൾക്ക് സക്കാത്ത് കൊടുക്കുന്നതിന് പകരം ഒരു പ്രദേശത്തെ ആളുകൾ സംഘം ചേർന്ന് സക്കാത്ത് മുതൽ ശേഖരിച്ച് ആസൂത്രിതമായി പാവപ്പെട്ടവർക്ക് എത്തിച്ചുകൊടുക്കണമെന്നും ഉള്ള ആശയഗതി ശക്തിപ്പെട്ടുവരുന്നുണ്ട്. സാധാരണമായി ഈ ‘വാർഷികനികുതി’ കൊടുക്കുന്നത് സൽകർമ്മങ്ങൾക്ക് ഇരട്ടി പുണ്യം കിട്ടുന്നതായി വിശ്വസിക്കപ്പെടുന്ന വ്രതകാല (റംസാൻമാസം)ത്താണ്.

ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകലം കുറച്ചുകൊണ്ടുവരാൻ 1400 കൊല്ലം മുമ്പ് ഉരുവം കൊണ്ട ഒരു സാമ്പത്തികക്രമീകരണനടപടിയാണ് സക്കാത്ത്. സാമൂഹ്യസമത്വത്തെപ്പറ്റിയുള്ള ഗംഭീരമായ ഒരു സങ്കല്പം ആ പഴയകാലത്ത് അത് ഉയർത്തിപ്പിടിച്ചിരുന്നു.

‘മതത്തെ നിഷേധിക്കുന്നവൻ ആര്?’ എന്നൊരു ചോദ്യം ഖുർആനിലുണ്ട്. അതിന് അവിടെപ്പറഞ്ഞ മറുപടി എന്താണെന്നോ? ‘അവൻ അനാഥയെ തള്ളിക്കളയുന്നു; അഗതിക്ക് ആഹാരം കൊടുക്കാൻ പ്രേരിപ്പിക്കുന്നുമില്ല.’ ശ്രദ്ധിച്ച് നോക്കൂ—അനാഥയെ തള്ളിക്കളയുന്നവന്റെ കൂട്ടത്തിൽ പെടുത്തിയിരിക്കുന്നത് അഗതിക്ക് ആഹാരം കൊടുക്കാത്തവനെ മാത്രമല്ല, അഗതിക്ക് ആഹാരംകൊടുക്കുവാൻ പ്രേരിപ്പിക്കാത്തവനെയുമാണ്! പാവങ്ങൾക്ക് വേണ്ടി ധനം ചെലവു ചെയ്യാത്തവനും അങ്ങനെ ചെയ്യാൻ മറ്റുള്ളവരിൽ പ്രേരണ ചെലുത്താത്തവനും മതനിഷേധികളാണെന്ന് താൽപ്പര്യം.

ഇപ്പോൾ നമുക്ക് തുടക്കത്തിലേക്ക് തന്നെ തിരിച്ചു ചെല്ലാം—സക്കാത്ത് എന്ന പദത്തിന് നമ്മുടെ നാട്ടിൽ സംഭവിച്ച മൂല്യശോഷണത്തെപ്പറ്റി ഒന്നാലോചിച്ചു നോക്കൂ.

ആ വാക്ക് എത്രമാത്രം വിലകെട്ടു പോയി! മഹത്തായ സങ്കൽപ്പങ്ങൾക്കും വലിയ സാംസ്കാരിക ചിഹ്നങ്ങൾക്കും കാലംകൊണ്ടും ദേശം കൊണ്ടും സംഭവിക്കുന്ന തകർച്ച ‘ചക്കാത്ത്’ എന്ന മലയാള തദ്ഭവപദം ഉദാഹരിക്കുന്നുണ്ട്. ചൂഷണ വിരോധത്തിന്റെയും ദരിദ്രന്റെ അവകാശത്തിന്റെയും അടയാളമായി ചരിത്രത്തിന്റെ വഴിയിൽ അത് ഒരു കാലത്ത് തീപ്പന്തംപോലെ നിന്നിരുന്നു...

ദേശാഭിമാനി ദിനപത്രം: 9 ഫെബ്രുവരി 1997.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.